ലഭ്യമായ ചേറ്റുവ മത്സ്യബന്ധന തുറമുഖത്തിന്റെ (3024 ലക്ഷം) പ്രധാന പ്രവൃത്തികൾക്ക് കരാറിലേർപ്പെട്ടു. ചെറുവത്തൂർ മത്സ്യബന്ധന തുറമുഖത്തിന്റെ (2906 ലക്ഷം) പ്രധാന പ്രവൃത്തികളുടെ ദർഘാസുകൾ സർക്കാർ പരിഗണനയിലാണ്. നബാർഡ് ധനസഹായത്തോടെ നടപ്പിലാക്കുന്ന ചെല്ലാനം മത്സ്യബന്ധന തുറമുഖം രണ്ടാംഘട്ടം (2990 ലക്ഷം) പുലിമുട്ടുകളുടെ നിർമ്മാണ പ്രവൃത്തിക്കുള്ള കരാറിലേർപ്പെട്ടിട്ടുണ്ട്. കൂടാതെ, തങ്കശ്ശേരി, നീണ്ടകര, കായംകുളം,പുതിയാപ്പ എന്നീ മത്സ്യബന്ധന തുറമുഖങ്ങളുടെ നിലവാരം ഉയർത്തുന്ന പ്രവൃത്തികൾക്കായി എൻ.എഫ്.ഡി.ബി.-യിൽ നിന്നും സഹായം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തികൾ നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) തീരദേശ റോഡ് വികസന പദ്ധതിയിൻകീഴിൽ നിർമ്മാണം ഏറ്റെടുത്തിട്ടുള്ള ചില റോഡുകൾ ദേശീയ പാതയുമായോ ഇതര മേഖലകളുമായോ ഗതാഗതബന്ധം സാദ്ധ്യമാക്കുന്നവയാണ്. തീരദേശ റോഡുകളുടെ വികസനത്തിനായി ഇതിനകം 105 കോടി രൂപയുടെ പ്രവർത്തനാനുമതി നൽകിയിട്ടുണ്ട്.

(ഡി) ആധുനിക മത്സ്യമാർക്കറ്റുകൾ പാങ്ങോട്, ആലുവ, പത്തനംതിട്ട, നോർത്ത് പറവൂർ, എറണാകുളം ബ്രോഡ്‌വേ, മൂവാറ്റുപുഴ എന്നിവിടങ്ങളിൽ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു. ഇതിനായി 1340 ലക്ഷം രൂപ ചെലവാകുമെന്ന് പ്രതീക്ഷിക്കുന്നു. സർക്കാർ വിഹിതമായി 154.5 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആന്റ് ട്രാവൽ സ്റ്റഡീസിന്റെ പ്രവർത്തനം

21 (*201) ശ്രീ. ബാബു എം. പാലിശ്ശേരി :
ശ്രീ. വി. ജെ. തങ്കപ്പൻ :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. ടി. പി. കുഞ്ഞുണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആന്റ് ട്രാവൽ സ്റ്റഡീസിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) ഇവിടെ ഏതെല്ലാം പ്രൊഫഷണൽ കോഴ്സുകളാണ് ഇപ്പോൾ നടത്തുന്നത് ;

(സി) ടൂറിസം രംഗത്ത് പ്രവർത്തിക്കുന്നവർക്കായി പ്രത്യേക പരിശീലന പരിപാടികൾ കിറ്റ്സ് ആവിഷ്കരിച്ചിട്ടുണ്ടോ ; ഈ വർഷം ആരംഭിച്ച പുതിയ പദ്ധതികൾ ഏതെല്ലാമാണ് ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇൻസ്റ്റിറ്റ്യൂട്ടിന്റെ പശ്ചാത്തല സൗകര്യം മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഇ) കിറ്റ്സിന്റെകീഴിൽ എത്ര സെന്ററുകൾ പ്രവർത്തിക്കുന്നു ; അവയുടെ പ്രവർത്തനം വിശദമാക്കുമോ ?

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) :

(എ) കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആന്റ് ട്രാവൽ സ്റ്റഡീസിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഈ വർഷം താഴെപ്പറയുന്ന കാര്യങ്ങൾ നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നു :

1. തിരുവനന്തപുരത്തും, പള്ളുരുത്തി, തലശ്ശേരി പഠന കേന്ദ്രങ്ങളിലും പുതിയ കോഴ്സുകൾ ആരംഭിക്കുന്നതാണ്. കസ്റ്റമർ റിലേഷൻ, ഇൗവന്റ് മാനേജ്മെന്റ്, മെഡിക്കൽ ടൂറിസം, എയർപോർട്ട് മാനേജ്മെന്റ് എന്നീ മേഖല കൾക്ക് ഊന്നൽ നൽകുന്ന കോഴ്സുകൾ ആയിരിക്കും ആരംഭിക്കുക

2. ടൂറിസം വ്യവസായത്തിൽ പ്രവർത്തിക്കുന്ന പ്രൊഫഷണലുകൾ, മാനേജ്മെന്റ് വിദഗ്ധർ, ഓഫീസ് മേധാവികൾ എന്നിവർക്കായി 2/3 ആഴ്ചകൾ നീണ്ടുനിൽക്കുന്ന എക്സിക്യൂട്ടീവ് ഡെവലപ്പ്മെന്റ് പ്രോഗ്രാം

3. കേരളത്തിലെ ചെറുകിട ഇടത്തര സംരംഭകരെ പ്രോത്സാഹിപ്പിക്കുന്ന തിനായി ടൂറിസത്തിൽ സംരംഭകത്വ വികസന പരിപാടികൾ

4. ഗവേഷണ പഠനങ്ങൾ ശക്തിപ്പെടുത്തുന്നതിനുള്ള തുടർ നടപടികൾ

5. വ്യവസായികളുമായി തുടർബന്ധം സ്ഥാപിക്കുന്നതിനും വിദ്യാർത്ഥി കൾക്ക് അതുമൂലം പ്രയോജനം ഉണ്ടാക്കുന്നതിനും Industry Institute Partnership Cell-ന്റെ പ്രവർത്തനം ആരംഭിക്കും

6. മേൽപ്പറഞ്ഞവയോടൊപ്പം ടൂറിസം മേഖലകൾക്ക് ആവശ്യമായ കൂടുതൽ പരിപാടികൾ നടപ്പാക്കുന്നതിനുള്ള പരിശീലന പരിപാടികൾ കൈക്കൊണ്ടു വരുന്നു.

(ബി) 2 വർഷക്കാലാവധിയുള്ള MBA (Travel& Tourism) കോഴ്സ് തിരുവനന്തപുരം സെന്ററിൽ AICTE-യുടേയും കേരള യൂണിവേഴ്സിറ്റിയുടേയും അംഗീകാരത്തോടെ നടത്തുന്നുണ്ട്. മറ്റ് പഠനകേന്ദ്രങ്ങളിൽ നടത്തുന്ന പ്രധാനപ്പെട്ട കോഴ്സുകൾ ചുവടെ ചേർക്കുന്നു :

1. ഒരുവർഷം ദൈർഘ്യമുള്ള PG Diploma in Tourism and Hospitality Management Course

2. Front Office, House Keeping, Airline Distribution System എന്നിവയിൽ Diploma course.

LIBRARY ARCHIVES Kerala Legislative Assembly

(സി) കഴിഞ്ഞ ഒരു വർഷം കേരളത്തിലെ വിവിധ ഹോട്ടലുകളിൽ Front Office, House Keeping, F&B Service എന്നീ മേഖലകളിൽ പ്രവർത്തിക്കുന്ന 2000-ൽപ്പരം ജീവനക്കാർക്ക് Lets Learn പദ്ധതി പ്രകാരം പരിശീലനം നൽകി. ഇതിനുപരിയായി Tour Guide, Life Guard, Immigration Officers, Tourism/Management അദ്ധ്യാപകർ, ഗസ്റ്റ് ഹൗസ് ജീവനക്കാർ എന്നിവർക്ക് പരിശീലനം നൽകുകയുണ്ടായി. അംഗീകൃത ഗൈഡുകളുടെ കുറവ് നികത്താനായി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ മേഖലകളിൽ വച്ച് ലൈസൻസ്ഡ് ലോക്കൽ ഗൈഡുകൾക്കും തിരുവനന്തപുരത്ത് വച്ച് ലൈസൻസ്ഡ് സംസ്ഥാനതല ഗൈഡുകൾക്കും പരിശീലനം നൽകുന്ന കോഴ്സ് സംഘടിപ്പിക്കുവാനും ഉദ്ദേശിക്കുന്നു.

(ഡി) അക്കാദമിക്/അഡ്മിനിസ്ട്രേറ്റീവ്/ട്രെയിനിംഗ് എന്നീ വിഭാഗങ്ങൾ ശക്തിപ്പെടുത്തുന്നതിന് ആവശ്യമായ അടിസ്ഥാന സൗകര്യ വികസന നടപടികൾ സ്വീകരിച്ചുവരുന്നു. ഇതോടൊപ്പം വിദ്യാർത്ഥികൾക്ക് ആവശ്യമായ ഹോസ്റ്റൽ സൗകര്യം പ്രദാനം ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. കിറ്റ്സിന്റെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ചും വ്യവസായികൾക്കും വിദ്യാർത്ഥികൾക്കും സഞ്ചാരികൾക്കും ടൂറിസം മാനവശേഷി വികസന രംഗത്തും പ്രയോജനമുണ്ടാകത്തക്ക വിധത്തിലുള്ള ഒരു സ്ഥാപനമാക്കി കിറ്റ്സിനെ മാറ്റാനുള്ള പ്രാരംഭ നടപടികൾക്കും തുടക്കം കുറിച്ചിട്ടുണ്ട്.

(ഇ) കിറ്റ്സിന്റെകീഴിൽ എറണാകുളം (പള്ളുരുത്തിയിലും) തലശ്ശേരിയിലുമായി 2 സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്. കിറ്റ്സിന്റെ തലശ്ശേരി സെന്ററിൽ പോസ്റ്റ് ഗ്രാഡുവേറ്റ് ഡിപ്ലോമ ഇൻ ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ്, ഡിപ്ലോമ ഇൻ ടൂറിസം& ഹോസ്പിറ്റാലിറ്റി, എയർലൈസൻസ് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം എന്നീ ഹ്രസ്വകാല കോഴ്സുകളാണ് പ്രധാനമായും നടത്തുന്നത്. കൂടാതെ, ടൂറിസം മേഖലയിൽ ടാക്സി ഡ്രൈവേഴ്സിനും വനസംരക്ഷണ സമിതി അംഗങ്ങൾക്കും പരിശീലന പരിപാടികളും സംഘടിപ്പിക്കുന്നുണ്ട്. കിറ്റ്സിന്റെ പള്ളുരുത്തി സെന്ററിൽ പോസ്റ്റ് ഗ്രാഡുവേറ്റ് ഡിപ്ലോമ ഇൻ ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ്, ഫ്രണ്ട് ഓഫീസ് ആന്റ് ഹൗസ് കീപ്പിംഗ് സർട്ടിഫിക്കറ്റ് കോഴ്സ് എന്നീ പ്രധാന കോഴ്സുകൾ നടത്തുന്നുണ്ട്. കൂടാതെ ലോക്കൽ ഗൈഡിന്റെ ഒരു പരിശീലന പരിപാടി കഴിഞ്ഞവർഷം നടത്തുകയുണ്ടായി. അടുത്ത അദ്ധ്യയന വർഷം ഈ സെന്ററുകളിൽ പുതിയ കോഴ്സുകൾ നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

കടലോര ജാഗ്രതാ സമിതിയുടെ പ്രവർത്തനം

22 (*202) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കടലോര ജാഗ്രതാ സമിതി രൂപീകരിച്ചിട്ടുണ്ടോ ; എങ്കിൽ എവിടങ്ങളിലൊക്കെയാണെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly